നമ്പർ : ജി (1) 24426/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി : 01.06.2009

## സർക്കുലർ നമ്പർ 28/09

വിഷയം: സഹകരണവകുപ്പ് - സഹകരണ നവരത്നം കേരളീയം - സഹകരണ സാമൂഹ്യം കേരളീയം - ഒന്നാമത് സഹകരണ ലൈബ്രറി കോൺഗ്രസ് - 2009 ജൂൺ 11 ന് എറണാകുളം ടൗൺ ഹാളിൽ വച്ച് - പ്രതിനിധികളെ പങ്കെടുപ്പിക്കൽ - ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച്.

സൂചന : 21.05.2009 ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

സംസ്ഥാനത്തെ സാംസ്കാരിക രംഗത്ത് ഇപ്പോൾ തന്നെ വളരെയേറെ പ്രശംസ നേടിയ സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള ലൈബ്രറികൾ വായന സംസ്കാരം വളർത്തുന്നതോടൊപ്പം സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്കും, ജനങ്ങളുടെ സാംസ്കാരിക വളർച്ചയ്ക്കും ഇടയാകുമെന്നും, അഭിപ്രായമുയർന്നിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഇത്തരം ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി 2009 ജൂൺ 11 ന് എറണാകുളം ടൗൺ ഹാളിൽ വച്ച് സഹകരണ ലൈബ്രറി കോൺഗ്രസ് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒന്നാമത് ലൈബ്രറി കോൺഗ്രസിൽ ലൈബ്രറി സ്ഥാപിച്ചിട്ടുള്ള സഹകരണ സ്ഥാപനത്തിൽ നിന്നും പ്രസിഡന്റോ സെക്രട്ടറിയോ അല്ലെങ്കിൽ ഒരു പ്രതിനിധിയോ കോൺഗ്രസ്സിൽ പങ്കെടുക്കേണ്ടതാണ്. രാവിലെ 9 മണിക്ക് രജിസ്ട്രേഷനും 9.30 ന് കാര്യപരിപാടികളും ആരംഭിച്ച് 5 മണിക്ക് സമ്മേളനം അവസാനിക്കുന്ന വിധത്തിലാണ് ലൈബ്രറി കോൺഗ്രസ് ക്രമീകരിച്ചിരിക്കുന്നത്.

ഓരോ ജില്ലയിലേയും പ്രതിനിധികളുടെ പേരു വിവരം അതാതു ജോയിന്റ് രജിസ്ട്രാർമാർ ശേഖരിച്ച് 06.06.2009 നു മുമ്പായി എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറിന് നൽകേണ്ടതാണ്.

എല്ലാ പ്രതിനിധികൾക്കും സംഘാടകസമിതി ഉച്ചഭക്ഷണം ഏർപ്പെടുത്തുന്നതാണ്. എന്നാൽ പ്രതിനിധികൾക്കുള്ള താമസസൗകര്യം സംഘാടക സമിതി ഏർപ്പെടുത്തുന്നതുമല്ല. അതാതു ജില്ലകളിലെ പ്രതിനിധികളുടെ രജിസ്ട്രേഷൻ നടപടികൾ അതാതു ജോയിന്റ് രജിസ്ട്രാർമാർ മുൻകൈയെടുത്ത് നിർവഹിക്കേണ്ടതും പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്.

സ്ഥാപനത്തിനെ പ്രതിനിധീകരിക്കുന്ന പ്രതിനിധികൾക്ക് കോൺഗ്രസിൽ പങ്കെടുക്കുന്നതിനും നിയമാനുസൃത യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. പ്രസിഡന്റ് /മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
2. പ്രസിഡന്റ് /മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്,
3. പ്രസിഡന്റ് /മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് ഫെഡറേഷനുകൾക്കും
4. പ്രസിഡന്റ് /ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ.
5. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്)
6. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും
9. എഡിറ്റർ, സഹകരണ വീഥി,
10. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
11. സ്റ്റോക്ക് ഫയൽ/ സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രഡിറ്റ്)